KOLLAM CITY POLICE
www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated : 07/ 10/ 2017

# അവസാന പ്രതിയും അറസ്റ്റിൽ......



അന്യസംസ്ഥാന കച്ചവടക്കാരെ രാത്രി വെട്ടിപ്പരി ക്കേൽപ്പിച്ച് പണവും മൊബൈൽ ഫോണും കവർച്ച നടത്തിയ സംഘത്തിലെ അവസാനത്തെ പ്രതിയെയും പിടികൂടി. മയ്യനാട് കൈതപ്പുഴ വടക്കതിൽ കൈതപ്പുഴ ഉണ്ണി എന്ന ബൈജു (37) ആണ് പോലീസ് പിടിയിലായത്.

കൊട്ടിയം മൈലക്കാട് റോഡിന് സമീപം ചെരുപ്പ് കച്ചവടം നടത്തിയിരുന്ന അന്യസംസ്ഥാന കച്ചവടക്കാരെയാണ് സംഘം വെട്ടിപ്പരിക്കേൽപ്പിച്ചത്. ഇയാളുടെ കൂട്ടുപ്രതികളായ കാട്ടുണ്ണി എന്ന രഞ്ജിത്ത്, ശ്രീക്കുട്ടൻ , ആദർശ്, വിഷ്ണു തുടങ്ങിയവർ നേരത്തേ പോലീസ് പിടിയിലായിരുന്നു. പോലീസിന് പിടികൊടുക്കാതെ കറങ്ങിനടന്ന ഇയാളെ മാസങ്ങൾ നീണ്ട നിരീക്ഷണത്തിനൊടുവിലാണ് പോലീസ് വലയിലാക്കിയത്.

നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയായ ഇയാൾ രാത്രികാലങ്ങളിൽ മാരകായുധങ്ങളുമായി എത്തി ഭീകരാന്തരീക്ഷം സൃഷ്ടിച്ചശേഷം ആക്രമണം നടത്തുന്ന രീതിയാണ് സ്വീകരിച്ചിരുന്നത്. പോലീസ് എത്തുമ്പോൾ വളരെവേഗത്തിൽ ബൈക്കോടിച്ച് രക്ഷപ്പെടുന്ന ഇയാളെ തന്ത്രപരമായ നീക്കത്തിലൂടെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. വളരെ ചെറുപ്രായത്തിൽത്തന്നെ മദ്യത്തിനും ലഹരിക്കും അടിമപ്പെട്ട ഇയാൾക്കെതിരേ കൊല്ലം ഈസ്റ്റ്, ഇരവിപുരം, പരവൂർ എന്നീ സ്റ്റേഷനുകളിൽ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നിരവധി ക്രിമിനൽ കേസുകളിൽ പ്രതികളായ ഇവർക്കെതിരേ ഗുണ്ടാ നിയമം എടുക്കുന്നതുൾപ്പെടെ യുള്ള നടപടകൾസ്വീകരിക്കുമെന്ന് ചാത്തന്നൂർ എ.സി.പി. അറിയിച്ചു. കൊല്ലം സിറ്റി സ്പെഷ്യൽ ബ്രാഞ്ച് എ.സി.പി. ഷിഹാബുദ്ദീൻ ചാത്തന്നൂർ എ.സി.പി. ജവഹർ ജനാർദ്ദ് , കൊട്ടിയം ഇന്സ്പെക്ടർ അജയനാഥ്, കൊല്ലം സിറ്റി ഷാഡോ എസ്.ഐ. വിപിന്കുമാർ, കൊട്ടിയം എസ്.ഐ. ബിജു, എ.എസ്.ഐ. അഷറഫ്, ഷാഡോ പോലീസുകാരായ ഹരിലാൽ, വിനു, സീനു, മനു, സജു, മണികണ്ഠൻ, പ്രശാന്ത്, രാജൻ എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്

. .